**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5305** **05-07-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന നടപ്പിലാക്കിയതും അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരം തുക ഉൾപ്പടെ ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പദ്ധതി | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | തൽസ്ഥിതി |
|---|---|---|---|
| RIDF XXV | ആലപ്പുഴ ജില്ലയിലെ കരിങ്ങാലിൽച്ചാൽ പുഞ്ചയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി. ഈ പ്രവർത്തി 4 പാർട്ടായി തിരിച്ച് ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്നു. | 808 ലക്ഷം | പാർട്ട് I – നൂറനാട് പഞ്ചായത്തിലെ കരിങ്ങാലിൽ ച്ചാൽ പുഞ്ച (ഉരുത്തേൽ ഭാഗം) – പ്രവൃത്തി പുരോഗമിക്കുന്നു.<br>പാർട്ട് II – നൂറനാട് പഞ്ചായത്തിലെ കരിങ്ങാലിൽ ച്ചാൽ പൂഞ്ച – പ്രവൃത്തി പൂർത്തീകരിച്ചു.<br>പാർട്ട് III – പാലമേൽ പഞ്ചായത്തിലെ കരിങ്ങാലിൽ ച്ചാൽ പുഞ്ച – പ്രവൃത്തി പുരോഗമിക്കുന്നു.<br>പാർട്ട് IV– തഴക്കര പഞ്ചായത്തിലെ കരിങ്ങാലിൽ ച്ചാൽ പുഞ്ച – പ്രവൃത്തി മഴ മൂലം നിർത്തി വച്ചിരിക്കുന്നു. |
| RIDF XXVI | പാലമേൽ പഞ്ചായത്തിലെ എമ്പ്രാ പാടശേഖരത്തിന്റെയും വള്ളികുന്നം പഞ്ചായത്തിലെ വള്ളികുന്നം സൗത്ത് പാടശേഖരത്തിന്റെയും അടിസ്ഥാന വികസന പ്രവർത്തി | 74.01 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |
| RIDF XXVII | മാവേലിക്കര ജില്ലാ കൃഷി ഫാമിന്റെ അടിസ്ഥാന വികസന പ്രവൃത്തി | 1077.69 ലക്ഷം | പ്രവൃത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ